# WEFI - SSF
# SSLC - EXCELLENCY TEST - 2021

## MATHEMATICS
### (MALAYALAM)

**Time : 2 $\frac{1}{2}$ Hours** **Total Score : 80**

---

**നിർദ്ദേശങ്ങൾ :**

- 20 മിനുറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിക്കാനും ഇഷ്ടമുള്ളവ തിരഞ്ഞെടുക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കാം.
- ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ വായിച്ചുമനസ്സിലാക്കി ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.
- 1 മുതൽ 45 വരെയുള്ള ചോദ്യങ്ങൾക്ക് പരമാവധി ലഭിക്കുക 80 സ്കോർ ആയിരിക്കും.
- ചോദ്യത്തിൽ പ്രത്യേകം ആവശ്യപ്പെട്ടിട്ടുള്ള സന്ദർഭങ്ങളിൽ മാത്രം π, √2, √3 എന്നിവയുടെ ഏകദേശവില ഉപയോഗിച്ച് ലഘൂകരിച്ചാൽ മതി

---

**1 മുതൽ 5 വരെയുള്ള ഓരോ ചോദ്യത്തിനും 1 സ്കോർ വീതം.**
**(ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരം തിരഞ്ഞെടുക്കുക.)**

1. 4, 11, 18, ……… എന്ന സമാന്തര ശ്രേണിയുടെ അഞ്ചാം പദം എത്ര?
   (*25, 24, 31, 32*)

2. ചിത്രത്തിൽ 'O' കേന്ദ്രമായ വൃത്തത്തിലെ ബിന്ദുക്കളാണ് A, B, C, D എന്നിവ
   $\angle BAD = 70^\circ$ ആയാൽ $\angle BCD$ എത്ര?

   (*140˚, 110˚, 20˚, 70˚*)




3. ചിത്രത്തിൽ $\angle A = 90^\circ$, $\angle B = \angle C = 45^\circ$
   AB = 6 സെ.മി ആയാൽ BCയുടെ നീളം എത്ര?

   (6 സെ.മി, 6√2 സെ.മി, 6√3 സെ.മി, 12 സെ.മി)



4. ചുവടെ കൊടുത്തിരിക്കുന്നവയിൽ X അക്ഷത്തിലെ ബിന്ദു ഏത്?

*((3,2), (-3, 2), (0, 5), (5, 0))*

5. $P(x) = x^2 + 3x + 1$ ആയാൽ $P(0)$ എത്ര

$(0, 1, 2, -1)$

**6 മുതൽ 10 വരെയുള്ള ഓരോ ചോദ്യത്തിനും 2 സ്കോർ വീതം.**

6. ചുവടെ തന്നിരിക്കുന്ന സ്കോറുകളുടെ മാധ്യം കാണുക.

*12, 8, 13, 15, 9, 16, 11*

7. ഒരു സമാന്തര ശ്രേണിയുടെ ബീജഗണിത രൂപം $5n+2$ ആണ്.

*a)* ശ്രേണിയുടെ പൊതുവ്യത്യാസം എത്ര?

*b)* ശ്രേണിയുടെ 10-ാം പദം കാണുക.

8. ഒരു സമചതുരത്തിന്റെ വശങ്ങളെല്ലാം 3 സെ.മി വീതം കൂട്ടിയപ്പോൾ പരപ്പളവ് 324 ച.സെ.മി ഉള്ള പുതിയ സമചതുരം കിട്ടി.

*a)* ആദ്യത്തെ സമചതുരത്തിന്റെ വശത്തിന്റെ നീളം $x$ ആയാൽ രണ്ടാമത്തെ സമചതുരത്തിന്റെ വശത്തിന്റെ നീളം എത്ര?

*b)* ആദ്യത്തെ സമചതുരത്തിന്റെ വശത്തിന്റെ നീളം കാണുക.

9. ചുവടെ തന്നിരിക്കുന്ന ചതുരം ABCDയുടെ വശങ്ങൾ അക്ഷങ്ങൾക്ക് സമാന്തരമാണ്. A(1, 3), C(7, 7) എന്നിവ ആയാൽ B, D എന്നിവയുടെ സൂചക സംഖ്യകൾ കാണുക.




10. ചിത്രത്തിൽ O കേന്ദ്രമായ വൃത്തത്തിലെ A, B എന്നീ ബിന്ദുക്കളിലൂടെയുള്ള തൊടുവരകൾ P എന്ന ബിന്ദുവിൽ കൂട്ടിമുട്ടുന്നു.

*a)* ∠OAP എത്ര?

*b)* ∠AOB = 130° ആയാൽ ∠APB എത്ര?



**11 മുതൽ 20 വരെയുള്ള ഓരോ ചോദ്യത്തിനും 3 സ്കോർ വീതം.**

11. 3 സെ.മി ആരമുള്ള വൃത്തം വരയ്ക്കുക. കേന്ദ്രത്തിൽ നിന്നും 7 സെ.മി അകലെയുള്ള ബിന്ദുവിൽ നിന്നും വൃത്തത്തിലേക്ക് തൊടുവരകൾ വരയ്ക്കുക.

12. ചിത്രത്തിൽ AB, CD എന്നീ ഞാണുകൾ P എന്ന ബിന്ദുവിൽ കൂട്ടിമുട്ടുന്നു. PA = 15 സെ.മി, PB = 8 സെ.മി. PCയുടെ നീളത്തേക്കാൾ 2 സെ.മി കൂടുതലാണ് PDയുടെ നീളം.




*a)* PC x PD എത്ര?
*b)* PC യുടെ നീളം $x$ എന്നെടുത്ത് ഒരു രണ്ടാകൃതി സമവാക്യം രൂപീകരിക്കുക.
*c)* PC യുടെ നീളം എത്ര?

13. ഒരു സമാന്തര ശ്രേണിയുടെ 4-ാം പദം 64 ഉം 14-ാം പദം 104 ഉം ആണ്.

*a)* ശ്രേണിയുടെ പൊതുവ്യത്യാസമെന്ത്?
*b)* ശ്രേണിയുടെ 13-ാം പദം എത്ര?
*c)* ശ്രേണിയുടെ ആദ്യത്തെ 25 പദങ്ങളുടെ തുക കാണുക.

14. പരിവൃത്ത ആരം 4 സെ.മി ഉം കോണുകൾ $70^\circ$, $80^\circ$ ഉം ആയ ത്രികോണം വരയ്ക്കുക.

15. ഒരു സഞ്ചിയിൽ 12 വെളുത്ത പന്തുകളും 8 കറുത്ത പന്തുകളും ഉണ്ട്. സഞ്ചിയിൽ നോക്കാതെ ഒരു പന്തെടുത്താൽ

*a)* പന്ത് വെളുത്തതാകാനുള്ള സാധ്യത എന്ത്?
*b)* പന്ത് കറുത്തതാകാനുള്ള സാധ്യത എന്ത്?
*c)* സഞ്ചിയിലേക്ക് എത്ര വെളുത്ത പന്തുകൾ കൂടി ചേർത്താൽ കറുത്ത പന്ത് കിട്ടാനുള്ള സാധ്യത $\frac{1}{3}$ ആകും?

16. ABCD എന്ന സമാന്തരികത്തിൽ AB = 12സെ.മി, AD = 8സെ.മി, $\angle B = 120^\circ$യും ആയാൽ




*a)* $\angle A$ എത്ര?
*b)* Dയിൽ നിന്നും ABയിലേക്കുള്ള ലംബത്തിന്റെ നീളം എത്ര?
*c)* സമാന്തരികം ABCDയുടെ പരപ്പളവ് എത്ര?

17. ഒരു വൃത്തസ്തൂപികയുടെ പാദ ആരം 12 സെ.മി ഉം ഉയരം 16 സെ.മി ഉം ആകുന്നു.
*a)* വൃത്തസ്തൂപികയുടെ ചെരിവുയരം കാണുക.
*b)* വൃത്തസ്തൂപിക നിർമ്മിക്കാനാവശ്യമായ വൃത്താംശത്തിന്റെ ആരവും കേന്ദ്രകോണും കാണുക.

18. Y അക്ഷത്തിന് സമാന്തരമായ വരയിലെ ഒരു ബിന്ദുവാണ് (5, 2)
*a)* ഈ വര X അക്ഷവുമായി കൂട്ടിമുട്ടുന്ന ബിന്ദുവിന്റെ സൂചക സംഖ്യകൾ എഴുതുക.
*b)* ഈ രണ്ട് ബിന്ദുക്കളും തമ്മിലുള്ള അകലം എത്ര?
*c)* ഈ വര Y അക്ഷത്തിൽ നിന്നും എത്ര യൂണിറ്റ് അകലെയാണ്?

19. $P(x) = x^2-7x+12$ ആയാൽ

a) $P(3)$ കാണുക.

b) $P(x)$ന്റെ ഘടകമാണോ $(x-4)$ എന്ന് പരിശോധിക്കുക.

c) $P(x)$നെ രണ്ട് ഒന്നാകൃതി ബഹുപദങ്ങളുടെ ഗുണനഫലമായി എഴുതുക.

20. ചിത്രത്തിൽ ത്രികോണം ABCയുടെ വശങ്ങളുടെ മധ്യബിന്ദുക്കളാണ് P,Q,R

P(4, 2), Q(5, 4), R(3,3) ആയാൽ
A, B, C എന്നിവയുടെ
സൂചക സംഖ്യകൾ കാണുക.




**21 മുതൽ 30 വരെയുള്ള ഓരോ ചോദ്യത്തിനും 4 സ്കോർ വീതം.**

21. ഒരു ക്ലാസിലെ കുട്ടികൾക്ക് ലഭിച്ച മാർക്ക് പട്ടികയായി ചുവടെ കൊടുത്തിരിക്കുന്നു. മാർക്കുകളുടെ മധ്യമം കാണുക.

| മാർക്ക് | കുട്ടികളുടെ എണ്ണം |
|---|---|
| 12 | 4 |
| 15 | 5 |
| 18 | 8 |
| 21 | 4 |
| 24 | 6 |
| 27 | 2 |

22. ചിത്രത്തിൽ A, B, C, D എന്നിവ വൃത്തത്തിലെ ബിന്ദുക്കളും PQ, A എന്ന ബിന്ദുവിലൂടെയുള്ള തൊടുവരയുമാണ്. $\angle ADC = 110^\circ$ ഉം, $\angle DAQ = 40^\circ$ ഉം ആയാൽ ചുവടെ തന്നിരിക്കുന്ന കോണുകൾ കാണുക.

a) $\angle ACD$
b) $\angle ABD$
c) $\angle ABC$
d) $\angle PAC$




23. 6 സെ.മി നീളവും 4 സെ.മി വീതിയുമുള്ള ഒരു ചതുരം വരക്കുക. ചതുരത്തിന് തുല്യ പരപ്പളവുള്ള സമചതുരം നിർമ്മിക്കുക

24. താഴെ പറയുന്ന തുകകൾ കണ്ടുപിടിക്കുക.

*a)* 1+2+3+4+....................................+40
*b)* 4+8+12+16+...............................+160
*c)* 6+10+14+18+.............................+162
*d)* 10+18+26+34+...........................+322

25. ഒരു ചതുരത്തിന്റെ ചുറ്റളവ് 68 സെ.മി ഉം പരപ്പളവ് 240 ച.സെ.മി ഉം ആണ്.

*a)* ചതുരത്തിന്റെ നീളം, വീതി എന്നിവയുടെ തുക എന്ത്?
*b)* വീതി *17-x* ആയാൽ നീളം എത്ര?
*c)* ഒരു രണ്ടാകൃതി സമവാക്യം രൂപീകരിച്ച് നീളം, വീതി എന്നിവ കാണുക.

26. ചിത്രത്തിൽ AC = 20 സെ.മി. $\angle B = 45^\circ$, $\angle C = 30^\circ$.
AD എന്ന വര BC എന്ന വശത്തിന് ലംബമാണ്.




*a)* ∠BAC എത്ര?
*b)* ADയുടെ നീളം കാണുക.
*c)* ത്രികോണം ABCയുടെ ചുറ്റളവ് എന്ത്?
*d)* ഒരു ത്രികോണത്തിന്റെ കോണുകളുടെ അളവുകൾ 2:3:7 എന്ന അംശബന്ധത്തിലായാൽ അതിന്റെ വശങ്ങളുടെ അംശബന്ധം കാണുക.

27. *a)* X, Y അക്ഷങ്ങൾ വരച്ച് A(-1, 1), B(5, 1) എന്നീ ബിന്ദുക്കൾ അടയാളപ്പെടുത്തുക.

*b)* ABയുടെ മധ്യബിന്ദുവാണ് D എങ്കിൽ Dയുടെ സൂചക സംഖ്യ എഴുതുക.

*c)* ABC ഒരു സമഭുജത്രികോണമായാൽ Cയുടെ സൂചക സംഖ്യ കാണുക.

28. ഒരു സമചതുര സ്തൂപികയുടെ ഒരു പാർശ്വമുഖത്തിന്റെ ചിത്രമാണ് തന്നിരിക്കുന്നത്

*a)* സ്തൂപികയുടെ പാദവക്കിന്റെ നീളം എന്ത്?
*b)* സ്തൂപികയുടെ ചരിവുയരം എത്ര?
*c)* സ്തൂപികയുടെ പാർശ്വതല പരപ്പളവ് കാണുക.
*d)* സ്തൂപികയുടെ ഉയരം എത്ര?




29. $P(x) = x^2-7x+8$

*a)* $P(1)$ കാണുക
*b)* $P(x) - P(1)$ന്റെ ഒരു ഘടകം എഴുതുക.
*c)* $x^2-7x+k$ എന്ന ബഹുപദത്തിന്റെ ഒരു ഘടകമാണ് $(x-6)$ എങ്കിൽ $k$യുടെ വില കാണുക.
*d)* $P(x)-P(1)$നെ രണ്ട് ഒന്നാകൃതി ബഹുപദങ്ങളുടെ ഗുണനഫലമായി എഴുതുക.

30. *a)* ആദ്യ പദം 8 ഉം പൊതു വ്യത്യാസം 3 ആയ സമാന്തര ശ്രേണി രൂപീകരിക്കുക.

*b)* 100 ഈ ശ്രേണിയിലെ പദമാകുമോ?

*c)* ഈ ശ്രേണിയിലെ ഏതെങ്കിലും 2 പദങ്ങൾ തമ്മിലുള്ള വ്യത്യാസം 501 ആകുമോ?

*d)* ഈ ശ്രേണിയിലെ എത്രാമത്തെ പദമാണ് 125?

**31 മുതൽ 45 വരെയുള്ള ഓരോ ചോദ്യത്തിനും 5 സ്കോർ വീതം.**

31. ഒരു സമാന്തര ശ്രേണിയുടെ 15-ാം പദത്തിന്റെയും 16-ാം പദത്തിന്റെയും തുക 200 ആണ്.

*a)* ഒന്നാം പദത്തിന്റെയും 30-ാം പദത്തിന്റെയും തുക എന്ത്?

*b)* ഈ ശ്രേണിയുടെ ആദ്യത്തെ 30 പദങ്ങളുടെ തുക എന്ത്?

*c)* 10-ാം പദം 78 ആയാൽ 21-ാം പദം എന്ത്?

*d)* ശ്രേണിയുടെ പൊതുവ്യത്യാസമെന്ത്?

*e)* ശ്രേണിയുടെ ബീജഗണിത രൂപം എഴുതുക.

32. 2.5 സെ.മി ആരമുള്ള വൃത്തം വരക്കുക. വശങ്ങളെല്ലാം ഈ വൃത്തത്തെ തൊടുന്നതും കോണുകൾ $50^\circ$, $60^\circ$, $70^\circ$ ആയ ത്രികോണം വരക്കുക.

33. മരം കൊണ്ടുണ്ടാക്കിയ കട്ടിയായ ഒരു വൃത്തസ്തംഭത്തിന്റെ ആരം 18 സെ.മി ഉം ഉയരം 24 സെ.മി ഉം ആണ്. ഇതിൽ നിന്നും പരമാവധി വലിപ്പമുള്ള ഒരു വൃത്തസ്തൂപിക ചെത്തിയെടുത്താൽ,

*a)* വൃത്തസ്തൂപികയുടെ ആരം എത്ര?

*b)* വൃത്തസ്തൂപികയുടെ ചെരിവുയരം കാണുക.

*c)* വൃത്തസ്തൂപികയുടെ ഉപരിതല പരപ്പളവ് കാണുക.

*d)* വൃത്തസ്തൂപികയുടെ വ്യാപ്തം കാണുക.

34. 81, 77, 73, .................... എന്ന സമാന്തര ശ്രേണി പരിഗണിക്കുക.

*a)* ഈ ശ്രേണിയുടെ പൊതുവ്യത്യാസമെന്ത്?

*b)* ഈ ശ്രേണിയിലെ അധിസംഖ്യാ പദങ്ങളെ 4 കൊണ്ട് ഹരിച്ചാൽ കിട്ടുന്ന ശിഷ്ടം എത്ര?

*c)* ഈ ശ്രേണിയിലെ ഏറ്റവും ചെറിയ അധിസംഖ്യ ഏത്?

*d)* ശ്രേണിയുടെ ബീജഗണിത രൂപം എഴുതുക.

*e)* ഈ ശ്രേണിയിൽ എത്ര അധിസംഖ്യാപദങ്ങളുണ്ട്?

35. ഒരു കമ്പനിയിലെ തൊഴിലാളികളുടെ ദിവസവേതനവുമായി ബന്ധപ്പെട്ട ഒരു പട്ടിക ചുവടെ തരുന്നു.

| വേതനം (രൂപയിൽ) | 200-300 | 300-400 | 400-500 | 500-600 | 600-700 | 700-800 |
|---|---|---|---|---|---|---|
| തൊഴിലാളികളുടെ എണ്ണം | 5 | 7 | 10 | 6 | 4 | 3 |

*a)* തൊഴിലാളികളെ അവരുടെ ദിവസവേതനാടിസ്ഥാനത്തിൽ ക്രമമായി നിർത്തിയാൽ എത്രാമത്തെ ആളുടെ വേതനമാണ് മധ്യമ വേതനമാകുന്നത്?

*b)* മധ്യവിഭാഗം ഏത്?

*c)* 13-ാമത്തെ തൊഴിലാളിയുടെ വേതനമായി സങ്കൽപ്പിക്കുന്ന സംഖ്യ ഏതായിരിക്കും.

*d)* മധ്യമ വേതനം കണക്കാക്കുക.

36. ഒരു കെട്ടിടത്തിന്റെ ചുവട്ടിൽ നിൽക്കുന്ന ഒരാൾ 50 മീറ്റർ അകലെയുള്ള ഒരു ടവറിന്റെ മുകളറ്റം $60^\circ$ മേൽകോണിലും കെട്ടിടത്തിന്റെ മുകളിൽ നിന്നും അത് $45^\circ$ മേൽകോണിലും കാണുന്നു.

*a)* മുകളിൽ സൂചിപ്പിച്ച വസ്തുതകൾ അടിസ്ഥാനമാക്കി ഒരു ഏകദേശ ചിത്രം വരക്കുക.
*b)* ടവറിന്റെ ഉയരം എത്ര?
*c)* കെട്ടിടത്തിന്റെ ഉയരം എത്ര?

37. ഒരു വൃത്തത്തിന്റെ വ്യാസത്തിന്റെ അഗ്രബിന്ദുക്കൾ (1,3), (11, 3) എന്നിവയാണ്

*a)* വ്യാസത്തിന്റെ നീളം എത്ര?
*b)* വൃത്തകേന്ദ്രത്തിന്റെ സൂചക സംഖ്യകൾ എഴുതുക.
*c)* (6, 8) വൃത്തത്തിലെ ബിന്ദുവാണോ എന്ന് പരിശോധിക്കുക.
*d)* വൃത്തത്തിലെ മറ്റൊരു ബിന്ദുവിന്റെ സൂചക സംഖ്യ എഴുതുക.

38. ത്രികോണം ABCയിൽ

$\angle A = 40^\circ$, $\angle C = 100^\circ$, AB = 20 സെ.മി
AC = 14 സെ.മി ആണ്.




*a)* $\angle B$ എത്ര?
*b)* BC യുടെ നീളം എന്ത്?
*c)* Cയിൽ നിന്നും AB യിലേക്കുള്ള ലംബ ദൂരം കാണുക.
*d)* ത്രികോണം ABCയുടെ ചുറ്റളവ് കാണുക.
*e)* ത്രികോണം ABCയുടെ പരപ്പളവ് കാണുക.

$\sin 40^\circ = 0.64$ $\quad$ $\cos 40^\circ = 0.76$
$\sin 50^\circ = 0.76$ $\quad$ $\cos 50^\circ = 0.64$

39. 7ന്റെ അടുത്തടുത്ത രണ്ട് ഗുണിതങ്ങളുടെ ഗുണനഫലത്തോട് 2 കൂട്ടിയാൽ 590 കിട്ടും.

*a)* ചെറിയ സംഖ്യ $x$ ആയാൽ 2-ാമത്തെ സംഖ്യ ഏത്?
*b)* ഒരു രണ്ടാംകൃതി സമവാക്യം രൂപകരിച്ച് സംഖ്യകൾ കണ്ടെത്തുക.

40. ലോഹം കൊണ്ടുണ്ടാക്കിയ ഒരു വൃത്തസ്തൂപികയുടെ ഉയരം പാദവ്യാസത്തിന്റെ ഇരട്ടിയാണ്.

*a)* ആരം 'r' ആയാൽ സ്തൂപികയുടെ ഉയരം എന്തായിരിക്കും.
*b)* വൃത്തസ്തൂപികയുടെ വ്യാപ്തം എന്തായിരിക്കും.
*c)* വൃത്തസ്തൂപിക ഉരുക്കി അതിന്റെ പാദ ആരത്തിന്റെ പകുതി ആരമുള്ള എത്ര ഗോളങ്ങൾ ഉണ്ടാക്കാം.

41. *a)* A(6,4), B(10, 10) ആയാൽ, AB യുടെ ചരിവ് കാണുക
*b)* C(18, 22) ആയാൽ BC യുടെ ചരിവ് കാണുക.
*c)* A, B, C എന്നിവ ഒരേ വരയിലെ ബിന്ദുക്കളാണോ?, എന്തുകൊണ്ട്?
*d)* ഈ വരയിലെ മറ്റൊരു ബിന്ദുവിന്റെ സൂചക സംഖ്യകൾ എഴുതുക.

42. ചിത്രത്തിൽ A (0, 8), B(6,0) എന്നിവ വൃത്തത്തിലെ ബിന്ദുക്കളും വൃത്തം ആധാരബിന്ദുവിലൂടെ കടന്നുപോകുകയും ചെയ്യുന്നു.

*a)* വൃത്തത്തിന്റെ വ്യാസം കാണുക.
*b)* വൃത്തകേന്ദ്രത്തിന്റെ സൂചക സംഖ്യകൾ എഴുതുക.
*c)* വൃത്തത്തിന്റെ സമവാക്യം എഴുതുക.




43. ചിത്രത്തിൽ CD വൃത്തത്തിന്റെ ഒരു വ്യാസവും PQ, Dയിൽ കൂടിയുള്ള ഒരു തൊടുവരയും ആണ്.

$\angle ACB = 50^\circ$, $\angle ABC = 70^\circ$ ഉം ആയാൽ
ചുവടെ തന്നിരിക്കുന്ന കോണുകൾ കാണുക.

*a)* $\angle CAD$
*b)* $\angle ADC$
*c)* $\angle PDC$
*d)* $\angle BAD$
*e)* $\angle APQ$




44. ചിത്രത്തിൽ AB, CD എന്നിവ പരസ്പരം ലംബമായ ഞാണുകളാണ്. $\angle ACD = x^\circ$ ആയാൽ

*a)* $\angle ABD$ എത്ര?
*b)* $\angle BDC$ എത്ര?
*c)* APD, BQC എന്നീ ചാപങ്ങളുടെ കേന്ദ്ര കോണുകളുടെ തുക കാണുക.
*d)* APD എന്ന ചാപത്തിന്റെ നീളം 3 സെ.മി ഉം BQC എന്ന ചാപത്തിന്റെ നീളം 7 സെ.മി ഉം ആയാൽ വൃത്തത്തിന്റെ ചുറ്റളവ് കാണുക.




45. *a)* രണ്ടക്ക സംഖ്യകൾ എല്ലാം ഓരോ സ്ലിപ്പുകളിലായി എഴുതി ഒരു പെട്ടിയിൽ ഇട്ടിരിക്കുന്നു. പെട്ടിയിൽ ആകെ എത്ര സ്ലിപ്പുകൾ ഉണ്ട്?

*പെട്ടിയിൽ നോക്കാതെ ഒരു സ്ലിപ്പ് എടുത്താൽ*

*b)* സംഖ്യയിലെ അക്കങ്ങൾ തുല്യമാകാനുള്ള സാധ്യത എന്ത്?
*c)* ഇരട്ട സംഖ്യ ആകാനുള്ള സാധ്യത എന്ത്?
*d)* പൂർണ വർഗമാകാനുള്ള സാധ്യത എന്ത്?
സംഖ്യയിലെ അക്കങ്ങളുടെ തുക 15 ആകാനുള്ള സാധ്യത എന്ത്?